86.46 ഏക്കർ ആണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 16-10-1990-ലെ എം.എഫ്.എ. 574/89, 106/90 വിധിപ്രകാരമാണ്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത വിധിക്കെതിരെ അന്ന് ലഭിച്ച നിയമോപദേശത്തിന്റെ വെളിച്ചത്തിൽ അപ്പീൽ പോയതായി കാണുന്നില്ല. എന്നാൽ ടി വിധിക്കെതിരെ സർക്കാർ 2000 മാണ്ടിൽ 126/2000, 133/2000 എന്നിങ്ങനെ 2 റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ടി റിവ്യൂ പെറ്റീഷനുകൾ തള്ളിയതിനെത്തുടർന്ന് ബഹു. സുപ്രീം കോടതിയിൽ എസ്.എൽ.പി. 3582/09, 3595/09 നമ്പറായി കേസ് ഫയൽ ചെയ്തുവെങ്കിലും ടി കേസ് 6-2-2009 തീയ്യതിയിൽ ഡിസ്മിസ് ചെയ്യുകയുണ്ടായി.

(ഡി) ഒ.എ. 583/76, എം.എഫ്.എ. 574/81, എം.എഫ്.എ. 574/89, എം.എഫ്.എ. 106/90, ആർ.പി. 126/2000, ആർ.പി. 133/2000, എസ്.എൽ.പി. 3592/09, എസ്.എൽ.പി. 3595/09 എന്നീ 8 കേസ്സുകൾ ഉണ്ടായിട്ടുണ്ട്. 16-10-1990-ലെ എം.എഫ്.എ. 574/89, 106/90 കേസ്സുകളിലെ വിധിയിന്മേലും 19-7-2005-ലെ എം.എഫ്.എ. 574/89-ന്മേലുള്ള ആർ.പി. 126/2000 കേസ്സിലെ വിധിയിന്മേലും അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ഒളിക്യാമറ കേസ് അന്വേഷണം

297 (299) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിക്യാമറ അനാശാസ്യ കേസിലെ പ്രതി ആലപ്പുഴ പരവൂർ സ്വദേശി ജയചന്ദ്രൻ ഉൾപ്പെടെയുള്ള സംഘത്തിന് വനം വകുപ്പ് അധികൃതർ സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തത് സംബന്ധിച്ച് വനം വകുപ്പ് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നിർദ്ദേശപ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അന്വേഷണ റിപ്പോർട്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ് മുൻപാകെ ലഭിച്ചിട്ടുണ്ട്.

(ബി) മൂന്നാർ റെയിഞ്ചിലെ ഇടമലക്കുടി ടൈബൽ സെറ്റിൽമെന്റിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനായി മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഇടമലക്കുടി പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ അനുവാദത്തോടെ ശ്രീ. ജയചന്ദ്രൻ വനം വകുപ്പ് ജീവനക്കാരോടൊപ്പം ഇടമലക്കുടി ടൈബൽ സെറ്റിൽമെന്റിലേക്ക് പോയിട്ടുണ്ടെന്നും എന്നാൽ ടി യാത്രയിൽ വനം വകുപ്പിന്റെ വാഹനം ദുരുപയോഗം ചെയ്തതായോ വനം വകുപ്പ് ജീവനക്കാർ തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) മേശപ്പുറത്ത് വയ്ക്കാവുന്നതാണ്. (അനുബന്ധമായി ചേർക്കുന്നു.)*

നെല്ലിയാമ്പതിയിലെ മീരാ ഫ്ലോർസ് എസ്റ്റിമേറ്റിനെതിരായുള്ള സി.ബി.ഐ. അന്വേഷണ റിപ്പോർട്ട്

298 (300) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ മീരാ ഫ്ലോർസ് എസ്റ്റേറ്റിനെതിരായുള്ള സി.ബി.ഐ. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത എസ്റ്റേറ്റ് അധികൃതർ ഭൂമി പണയപ്പെടുത്തി വായ്പ എടുത്തിട്ടുണ്ടായിരുന്നുവോ; എങ്കിൽ ഏതെല്ലാം സ്ഥാപനത്തിൽനിന്ന് എന്ത് തുക വീതം ;

(സി) സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ;

(ഡി) നിയമവിരുദ്ധമായി ഭൂമി പണയപ്പെടുത്തിയ തോട്ടം ഉടമകൾ ആരൊക്കെയായിരുന്നു; അവർക്കെല്ലാം എതിരെ അന്വേഷണം നടക്കുകയുണ്ടായി ; എത്രയെല്ലാം കേസുകൾ സി.ബി.ഐ.-ക്ക് വിട്ടിട്ടുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly